പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 335 21.06.2019 ലെ മറുപടിക്ക്

## സഹകരണ സംഘങ്ങൾ വഴി സംഭരിച്ച കയർ ഉത്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. സി.മമ്മൂട്ടി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ കോർപ്പറേഷനിലും കയർഫെഡിലും സഹകരണ സംഘങ്ങൾ വഴി സംഭരിച്ച നൂറ്റിയൻപത് കോടിയിലേറെ രൂപയുടെ കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കയർഫെഡ് :-<br>കയർഫെഡിൽ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നില്ല. കേവലം 1 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ കയർഫെഡിന്റെ സെൻട്രൽ സ്റ്റോറിലും കയർഫെഡിന്റെ 4 റീജിയണൽ ഓഫീസുകളിലുമായി ആകെ 5.5 കോടി രൂപയുടെ ഉല്പന്നങ്ങളുമാണ് സ്റ്റോക്ക് ചെയ്തിട്ടുള്ളത്.<br><br>കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ :-<br>നിലവിൽ കയർ കോർപ്പറേഷനിൽ 27 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ മാത്രമാണ് സ്റ്റോക്കിരിക്കുന്നത്. |
| ബി) ഇപ്രകാരം ഉല്പന്നങ്ങൾ യഥാസമയം വിറ്റു പോകാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) 2016-17 കാലയളവ് മുതൽ ഇന്നുവരെ 351.17 കോടി രൂപയുടെ കയർ ഉല്പന്നങ്ങളാണ് വിവിധ കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർ കോർപ്പറേഷൻ സംഭരിച്ചുവച്ചത്. ഇതിൽ വിപണനം നടത്തിയതിനുശേഷം 27 കോടി രൂപയുടെ ഉല്പന്നങ്ങൾ മാത്രമാണ് ബാക്കിയുള്ളത്. ഇവയുടെ വിപണനം നടന്നുകൊണ്ടിരിക്കുന്നു. |
| സി) കയർ കോർപ്പറേഷന് വിദേശ ഓർഡറുകൾ ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ടോ; | സി) ഓരോ വർഷവും കയർ കോർപ്പറേഷൻ വിദേശ വിപണിയിൽ വൻ മുന്നേറ്റമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷവും |

| | |
|---|---|
| | മികച്ച പുരോഗതിയാണ് വിദേശവിപണിയിൽ നേടിക്കൊണ്ടിരിക്കുന്നത്. |
| ഡി) വിദേശ ആഭ്യന്തര വിപണികൾ നേരിട്ട് കണ്ടെത്തുന്നതിൽ കയർ കോർപ്പറേഷൻ ഉൾപ്പെടെയുള്ളവ പരാജയപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) വിദേശ ആഭ്യന്തര വിപണികളിൽ കയർ കോർപ്പറേഷൻ വൻ മുന്നേറ്റമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ ധാരാളം ഓർഡറുകൾ ലഭിക്കുകയും ഇത് സമയബന്ധിതമായി വിപണനം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ